**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4604** **19-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട പാലോട് റെയ്ഞ്ചിലെ ഇരുന്നൂറ്റിപ്പതിനെട്ട് ജണ്ടകളുടെ നിർമ്മാണച്ചെലവ് വഴിയുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ ഈടാക്കാത്തതിനുള്ള കാരണം വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട റെയിഞ്ചിലെ ഇരുന്നൂറ്റിപ്പതിനെട്ട് ജണ്ടകളുടെ നിർമ്മാണച്ചെലവ് വഴിയുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടില്ല. നഷ്ടോത്തരവാദിത്വം തിട്ടപ്പെടുത്തി സർക്കാർ നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സർക്കിൾ തലത്തിൽ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കുറ്റാരോപിതനായ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം/ കാറ്റഗറി മാറ്റം നൽകാനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ